# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 66 — 01/03/2017-ൽ മറുപടിയ്ക്ക്

### ബിവറേജസ് കോർപ്പറേഷന്റെ കീഴിലെ വിതരണ കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.ടി.എ അഹമ്മദ് കബീർ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിലെ വിതരണകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെതിരെ ജനകീയ സമരങ്ങൾ തുടർച്ചയായി ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ/സംസ്ഥാന പാതകളുടെ സമീപം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മദ്യവില്പനശാലകൾ 500 മീറ്റർ ദൂരപരിധിക്കപ്പുറം മാറ്റി സ്ഥാപിക്കണം എന്ന 15.12.2016 ലെ ബഹു സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി വിദേശ മദ്യ വില്പനശാലകൾ മാറ്റി സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ചില സ്ഥലങ്ങളിൽ പ്രതിഷേധം ഉണ്ടാകുന്നുണ്ട്. |
| (ബി) വിദ്യാർത്ഥികളും തദ്ദേശീയരായ ജനങ്ങളും പ്രതിഷേധങ്ങളിൽ പങ്കെടുക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നുണ്ടോ; | (ബി) വിദ്യാർത്ഥികളുടെയും തദ്ദേശിയവാസികളുടെയും പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശമദ്യ ചില്ലറ വില്പനശാലകൾ തുറക്കാൻ കഴിയാതെ വന്നാൽ സംസ്ഥാനത്ത് വ്യാജമദ്യത്തിന്റേയും മയക്കുമരുന്നിന്റെയും വ്യാപനം ഉണ്ടാവാൻ സാധ്യതയുണ്ട്. ഇക്കാര്യങ്ങൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തി അവരെ വിശ്വാസത്തിലെടുത്ത് വിദേശമദ്യഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ജനവികാരം കണക്കിലെടുത്ത് സാമൂഹ്യ വിപത്തായ മദ്യത്തിന്റെ വിപണനം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യ നയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. അബ്കാരി ചട്ടങ്ങൾക്ക് വിധേയമായും പ്രഖ്യാപിത മദ്യനയത്തിന് അനുസൃതമായും മദ്യത്തിന്റെ വിതരണവും വിപണനവും സർക്കാർ നിയന്ത്രിച്ചിട്ടുണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ നേതൃത്വത്തിൽ ലഹരിവസ്തുക്കളുടെ ഉപഭോഗത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ